**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6491** **20-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ പദ്ധതിയിൽ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന്, പെരുവള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയ്ക്കായി ദേശീയ പാത-66-ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള ഭാഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്കായി ദേശീയപാത 66-ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള കിലോമീറ്റർ 259/440 മുതൽ 271/600 വരെയുള്ള ഭാഗത്ത് പൈപ്പലൈനുകൾ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.എ.ഐ.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ റോഡുകളിലെ റോഡ് കട്ടിങ് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് നിർദിഷ്ട എൻ.എച്ച്. കരാർ ഏജൻസിയെ കൊണ്ട് പ്രവൃത്തി ഏറ്റെടുപ്പിക്കുന്നതിനോ മറ്റ് സാധ്യതകൾ കണ്ടെത്തി പരിഹാരം കാണുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്കായി ദേശീയപാത 66-ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള കിലോമീറ്റർ 259/440 മുതൽ 271/600 വരെയുള്ള ഭാഗത്ത് പൈപ്പലൈനുകൾ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.എ.ഐ.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ റോഡുകളിലെ റോഡ് കട്ടിങ് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ യൂട്ടിലിറ്റി ഡക്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ എൻ.എച്ച്.എ.ഐ റോഡുകളിൽ ഇപ്പോഴുള്ള യൂട്ടിലിറ്റി ഡക്ടുകൾ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ പുതിയ യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിക്കുന്നതിന് ആവശ്യമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ എൻ.എച്ച്.എ.ഐക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ